**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 215 | 07.08.2017 ൽ മറുപടിക്ക്

ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ലക്ഷ്യം വിശദമാക്കാമോ; വരുന്ന 5 വർഷം കൊണ്ട് പൊതുജനാരോഗ്യമേഖലയ്ക്ക് ഇതുവഴി എന്തൊക്കെ മാറ്റം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ)<br>&<br>(ബി) | ➢ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br>➢ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക<br>➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക<br>➢ ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യമെങ്കിൽ ഉയർന്നതലത്തിലേയ്ക്ക് രോഗികളെ റഫർ ചെയ്യുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ഇടപെടുക എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുമായി വിഭാവനം ചെയ്യുന്നു.<br>➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക |
| (ബി) | ഗ്രാമീണ മേഖലയിൽ മെച്ചപ്പെട്ട ചികിത്സയും കിടത്തി ചികിത്സ ഉൾപ്പെടെയുള്ള അധുനിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ➤ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51,8184/- കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>➤ ഒ.പി.വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.<br><br>➤ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പടെ ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും, വാർഡ്തല ആരോഗ്യ ശുചിത്വ സമിതി, |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ്.<br><br>➤ ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഭരണാനുമതി നൽകി സ.ഉ. (സാധാ) നമ്പർ 845/17/H&FWD dated 28.03.2017 സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഡോക്ടർ എന്നീ തസ്തികകൾക്ക് ആകെ 680 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പു വരുത്തുന്നതാണ്. ഇവയെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, എന്നീ തസ്തികകൾക്കാകെ 281 പുതിയ തസ്തികകൾ ഈ സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്.<br><br>➤ പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ നിന്നും G.O(Rt)773/17/H&FWD datd 22.03.2017 സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ |

| | | | | |
|---|---|---|---|---|
| | | | | നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.<br>➤ 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾക്കുള്ള ഭരണാനുമതിക്കായുള്ള വർക്കിംഗ് ഗ്രൂപ്പ് ഇതിനകം നടന്നുകഴിഞ്ഞു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികളും കെ.എം.എസ്.സി.എൽ വഴി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ